(2) സ്വകാര്യ ആശുപത്രികളിലെ ജീവനക്കാർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ

പ്രൊഫ. മീനാക്ഷി തമ്പാൻ : സർ, ആതുര ശുശ്രൂഷാരംഗത്ത് സേവന മനുഷ്ഠിക്കുന്ന സ്വകാര്യ ആശുപത്രികളിലെ 75,000-ഓളം വരുന്ന ജീവനക്കാരുടെ പ്രശ്നമാണ് ഞാൻ സഭയുടെ ശ്രദ്ധയിൽക്കൊണ്ടുവരുന്നത്. അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച നിയമസഭാ സമിതി ഈ വിഷയം പഠിച്ച് തയ്യാറാക്കിയ റിപ്പോർട്ട് 1998 ആഗസ്റ്റ് മാസം 3-ാം തീയതി ഈ സഭയിൽ അവതരിപ്പിക്കുകയുണ്ടായി. ഇതുവരെയായിട്ടും ക്രിയാത്മകമായ ഒരു നടപടിയും ഗവണ്മെന്റിന്റെ ഭാഗത്തുനിന്ന് ഇക്കാര്യത്തിൽ ഉണ്ടായിട്ടില്ല. സ്ത്രീകളുടേയും കുട്ടികളുടേയും ക്ഷേമം സംബന്ധിച്ച സമിതി ലേബർ സെക്രട്ടറിയെ വിളിച്ച് ഇക്കാര്യം ചർച്ച ചെയ്തപ്പോഴും മനസ്സിലാക്കാൻ കഴിഞ്ഞത് ഈ സേവന-വേതന വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനെക്കുറിച്ചുള്ള നടപടികളൊന്നുംതന്നെ ഉണ്ടായിട്ടില്ലെന്നാണ്. മാത്രമല്ല, ഈ മേഖലയിലെ പ്രശ്നങ്ങൾ കൂടുതൽ കൂടുതൽ സങ്കീർണ്ണമായിക്കൊണ്ടിരിക്കുകയാണ്. വലിയ ലാഭം ലഭിക്കാവുന്ന ഒരു മേഖലയായി മാറിയിരിക്കുന്നു സ്വകാര്യ ആതുര സേവനരംഗം. നമ്മുടെ സംസ്ഥാനത്തെ ഒരു വൻവ്യവസായമായി വികാസം പ്രാപിക്കാനുള്ള ഈ മേഖലയിൽ സർക്കാർ നിയന്ത്രണങ്ങളും ഇടപെടലുകളും നടത്തേണ്ട കാലമായിരിക്കുന്നുവെന്ന് ഞാൻ ഓർമ്മിപ്പിക്കുകയാണ്. ആർക്കും, എപ്പോഴും, എവിടെയും, ഇഷ്ടംപോലെ തുടങ്ങാവുന്ന ഈ ആശുപത്രികളുടെമേൽ നിർബന്ധമായും ഗവണ്മെന്റിന് നിയന്ത്രണമുണ്ടായിരിക്കണം. ഇതിന് നിയമപരമായ പരിമിതികളുണ്ടെങ്കിൽ അത് മാറ്റിയേതീരൂ. സ്വകാര്യ ആശുപത്രി നിയന്ത്രണ ബിൽ ഇതിനായി സർക്കാർ കൊണ്ടുവരേണ്ടതാണ്. നമ്മുടെ സംസ്ഥാനത്തെ ആതുര സേവനരംഗത്ത് സുപ്രധാനവും നിർണ്ണായകവുമായ പങ്ക് വഹിക്കുന്ന സ്വകാര്യ ആശുപത്രികളിലെ അസംഘടിതരും നിസ്സഹായരുമായ ജീവനക്കാരുടെ അവസ്ഥയെക്കുറിച്ച് ഈ നിയമസഭയിൽ പ്രതിപക്ഷത്തുനിന്നും ഭരണപക്ഷത്തുനിന്നും ധാരാളംപേർ പലപ്പോഴായി സംസാരിച്ചിട്ടുണ്ട്. 1980-ലാണ് സ്വകാര്യ ആശുപത്രികളിലെ ജീവനക്കാരുടെ മിനിമം വേതനം നിശ്ചയിച്ചുകൊണ്ടുള്ള നോട്ടിഫിക്കേഷൻ സർക്കാർ പുറപ്പെടുവിച്ചത്. 5 വർഷത്തിലൊരിക്കൽ കുറഞ്ഞ വേതനം പുതുക്കി നിശ്ചയിക്കുകയോ റിവിഷൻ ആവശ്യമാണോയെന്ന് പരിശോധിക്കുകയോ ചെയ്യേണ്ടതാണെന്നുള്ളത് മിനിമം വേജസ് ആക്ടിന്റെ സ്റ്റാറ്റ്യൂട്ടറി ഒബ്ളിഗേഷനാണ്. എന്നാൽ, സ്വകാര്യ ആശുപത്രിയിലെ ജീവനക്കാരുടെ കാര്യത്തിൽ അത് ഉണ്ടായിട്ടില്ല. 16 വർഷത്തിനുശേഷം 1990-ൽ സ്വകാര്യ ആശുപത്രി ജീവനക്കാരുടെ കുറഞ്ഞവേതനം പരിഷ്കരിച്ച് ഉത്തരവായി. പിന്നീട് വേണ്ടത്ര ചർച്ച കൂടാതെ തയ്യാറാക്കിയതാണ് ഈ നടപടിയെന്ന് ആരോപിച്ചുകൊണ്ട് സ്വകാര്യ ആശുപത്രി ഉടമകൾ ബഹുമാനപ്പെട്ട ഹൈക്കോടതിയെ സമീപിച്ച് സ്റ്റേ വാങ്ങിക്കുകയും ചെയ്തു. ഈ സ്റ്റേ വെക്കേറ്റ് ചെയ്യിക്കാനോ പുതിയ സമിതിയെ നിശ്ചയിച്ച് മിനിമം വേതനത്തിൽ പരിഷ്ക്കാരം വരുത്തുന്നതിനോ തൊഴിൽ വകുപ്പ് അധികൃതർ ഒരു ശ്രമവും നടത്തിയിട്ടില്ല. 1993 ഒക്ടോബർ മാസത്തിൽ മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിനായി 15 അംഗങ്ങളുള്ള ഒരു കമ്മിറ്റിയെ സർക്കാർ നിയമിക്കുകയുണ്ടായി. ആശുപത്രി ഉടമകളുടേയും ട്രേഡ് യൂണിയൻ പ്രതിനിധികളുടേയും പ്രതിനിധികൾ ഉൾപ്പെടുന്ന ഈ കമ്മിറ്റി രണ്ട് വർഷക്കാലം കേരളത്തിലെ എല്ലാ ജില്ലാ-താലൂക്ക് ആസ്ഥാനങ്ങളിലും സഞ്ചരിച്ച് തെളിവെടുത്ത് സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി. സർക്കാർ സ്ഥിരമായി നിയമിച്ചിട്ടുള്ള മിനിമം വേജസ് അഡ്വൈസറി കമ്മിറ്റി ഈ റിപ്പോർട്ടിലെ ശുപാർശകൾ ഏകകണ്ഠമായി തന്നെ അംഗീക

LIBRARY ARCHIVES Kerala Legislative Assembly

രിച്ചു. 1996 സെപ്തംബറിൽ സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചു. എന്നാൽ, ഇപ്പോൾ ഈ മേയ് 19-ന് വന്ന നോട്ടിഫിക്കേഷൻ വരുന്നതുവരെ മിനിമം വേജസ് കമ്മിറ്റിയുടെ ഈ ശുപാർശ നടപ്പിലാക്കാനുള്ള ഒരു നടപടിയും ഗവ ണ്മെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടായിട്ടില്ല. കഴിഞ്ഞ 19 വർഷമായിട്ട് വേതന പരി ഷ്കരണം നടപ്പിലാക്കാത്ത മറ്റൊരു വിഭാഗം ജീവനക്കാരും നമ്മുടെ സംസ്ഥാ നത്ത് ഉണ്ടെന്ന് തോന്നുന്നില്ല. ഇത് അനാസ്ഥയുടേയും വീഴ്ചയുടേയും ഫല മാണെന്ന് ഞാൻ ചൂണ്ടിക്കാണിക്കുകയാണ്. 1990 ഏപ്രിൽ 25-ലെ നോട്ടിഫി ക്കേഷന് എതിരായി 16 ആശുപത്രി ഉടമകൾ കൊടുത്ത ഹർജി അനുസരിച്ച് 1996 മേയ് മാസത്തിൽ ഹൈക്കോടതി പുറപ്പെടുവിച്ച വിധയിൽ 1990-ലെ നോട്ടിഫിക്കേഷൻ അസാധുവാക്കിയെന്ന് പറയുന്നു. ഇതിനിടയാക്കിയത് അധികൃതരുടെ അനാസ്ഥയാണ്. ഹൈക്കോടതി ഉത്തരവിൽ മറ്റൊന്നുകൂടി പറഞ്ഞിട്ടുണ്ട്. നാല് മാസത്തിനുള്ളിൽ സർക്കാർ ഇക്കാര്യത്തിൽ എന്താണ് ചെയ്യാൻ ഉദ്ദേശിക്കുന്നതെന്ന ഒരു സത്യവാങ്മൂലം സമർപ്പിക്കണമെന്ന്. അധി കൃതരുടെ ഭാഗത്തുനിന്ന് ഒരു പ്രതികരണവും ഉണ്ടായിട്ടില്ല. 90 ശതമാനവും സ്ത്രീകളായിട്ടുള്ള സ്വകാര്യ ആശുപത്രികളിലെ ജീവനക്കാരുടെ ഇന്നത്തെ സ്ഥിതി എന്താണ്? 1990-ലെ സർക്കാർ ഉത്തരവിന് പ്രാബല്യമില്ല. 1995 ഡിസം ബറിൽ സമർപ്പിച്ച റിപ്പോർട്ടാകട്ടെ നാല് വർഷമായിട്ട് കോൾഡ് സ്റ്റോറേജി ലാണ്. ഈ നോട്ടിഫിക്കേഷൻ വരുന്നതുവരെ അതാണ് സ്ഥിതി. സ്വകാര്യ ആശുപത്രിയിലെ ജീവനക്കാരുടെ മിനിമം വേതനം പരിഷ്ക്കരിക്കുന്നതിന് എടുത്ത ശുപാർശകൾ അടിയന്തിരമായി നടപ്പിലാക്കണം. സ്റ്റാറ്റ്യൂട്ടറി പ്രൊവി ഷൻ അനുസരിച്ച് വീണ്ടും പരിശോധിക്കേണ്ട സമയം കഴിഞ്ഞിരിക്കുകയാണ്. ഇപ്പോൾ 1999 ആയിക്കഴിഞ്ഞിരിക്കുകയാണ്. സ്വകാര്യ ആശുപത്രിയിലെ ജീവ നക്കാർ ഒരേ സ്വരത്തിൽ ആവശ്യപ്പെടുന്ന ഒരാവശ്യം അവരുടെ ജോലി സ്ഥിരത ഉറപ്പാക്കണമെന്നാണ്. പതിനെട്ടും ഇരുപതും വർഷം ജോലിചെയ്ത് എക്സ്പീരിയൻസുള്ളവരെ യാതൊരു ബുദ്ധിമുട്ടുമില്ലാതെ സസ്പെന്റ് ചെയ്യലും പിരിച്ചുവിടലുമൊക്കെ നമ്മുടെ സ്വകാര്യ ആശുപത്രികളിൽ സാധാ രണ സംഭവമാണ്. പല ആശുപത്രികളിലും വ്യക്തമായ രജിസ്റ്ററോ മറ്റ് രേഖ കളോ ജീവനക്കാരുടെ തസ്തിക സംബന്ധിച്ച വിവരങ്ങളോ ഇല്ല. പി.എഫ്. കാർഡ് കൊടുക്കുന്നില്ല. ക്ലിപ്തമായ ജോലിസമയമില്ല. ഈ രംഗത്ത് ജോലി ചെയ്യുന്ന ഡോക്ടർമാർ ഒരു ലക്ഷത്തിലധികം രൂപ ശമ്പളം പറ്റുമ്പോൾ അവ രോടൊപ്പം തുല്യമായി അദ്ധ്വാനിക്കുന്ന മറ്റ് ജീവനക്കാർക്ക് വളരെ വളരെ തുച്ഛമായ വേതനമാണ് ലഭിക്കുന്നത്. ആ ചെറിയ വേതനം പോലും കൊടു ക്കാതെ പകൽ അന്തിയോളം പണിയെടുപ്പിക്കുന്ന ഒരു ദുഷ്പ്രവണത ഇന്ന് ഈ സ്ഥാപനങ്ങളിലുണ്ട്. ഷോപ്സ് ആന്റ് കമ്മേഴ്സ്യൽ എസ്റ്റാബ്ളിഷ്മെന്റ് ആക്ട് ആശുപത്രികൾക്ക് ബാധകമായിരുന്നു. പ്രസ്തുത ആക്ട് പ്രകാരം കാഷ്വൽ ലീവും പ്രിവിലേജ് ലീവും സിക്ക് ലീവും ഒക്കെ അവർക്ക് ലഭിച്ചിരു ന്നു. എന്നാൽ, ഈയിടെ സർക്കാർ പുറപ്പെടുവിച്ച ഒരു ഉത്തരവ് മൂലം പ്രസ്തുത നിയമം ആശുപത്രികൾക്ക് ബാധകമാക്കേണ്ടതില്ലെന്ന് പറഞ്ഞിരി ക്കുന്നതായി അറിയുന്നു. പല ആശുപത്രികളിലും അവിവാഹിതരായ സ്ത്രീകളെ മാത്രമേ നിയമിക്കൂ. വിവാഹിതരാകുന്നതോടുകൂടി പിരിച്ചുവിടു ന്നു. അവർക്ക് മെറ്റേണിറ്റി ബെനിഫിറ്റോ മറ്റ് യാതൊരുവിധ ആനുകൂല്യ ങ്ങളോ ഇല്ല. ഈ പ്രാകൃതമായ സമീപനം മാറ്റി സ്വകാര്യ ആശുപത്രി ജീവന ക്കാർക്കും മെറ്റേണിറ്റി ആക്ട് പ്രകാരമുള്ള ആനുകൂല്യങ്ങൾ ലഭിക്കത്തക്ക നടപടികൾ തൊഴിൽവകുപ്പ് കൈക്കൊള്ളണം. ഇവർക്ക് തൊഴിൽ ചെയ്യുന്ന സ്ഥാപനങ്ങളിൽ നിന്ന് യാതൊരു മെഡിക്കൽ ആനുകൂല്യങ്ങളും ലഭിക്കുന്നി ല്ല. നിരന്തരം പലവിധത്തിലുള്ള പകർച്ചവ്യാധികൾ ബാധിച്ച രോഗികളെ പരി ചരിക്കുന്ന ഇവർക്ക് പ്രതിരോധത്തിനുള്ള കുത്തിവയ്പിനോ മറ്റ് മാർഗ്ഗ

LIBRARY ARCHIVES Kerala Legislative Assembly

ങ്ങൾക്കോ സൗകര്യമില്ല. ജീവിതത്തിന്റെ നല്ലൊരു ഭാഗം സ്ഥാപനത്തെ വളർത്താൻവേണ്ടി പണിയെടുക്കുന്ന ഇവർക്ക് ചികിത്സാ സൗകര്യംപോലും ആശുപത്രി ഉടമകൾ ചെയ്യുന്നില്ല. 75,000 ജീവനക്കാർക്ക് 19 വർഷമായിട്ട് വേതനം പരിഷ്കരിക്കാത്ത സംഭവമാണ്. ഈ ജീവനക്കാരുടെ ക്ഷേമം ഉറപ്പ് വരുത്തേണ്ടത് തൊഴിൽ വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരാണ്. തൊഴിൽ നിയമങ്ങൾ ഉടമകൾ പാലിക്കുന്നതിനാവശ്യമായ എന്തെങ്കിലും മിന്നൽ പരിശോധന നടത്തേണ്ടതാണ്. കർക്കശവും കർശനവുമായ നടപടികളെടുക്കാൻ ഇവർ തയ്യാറാകേണ്ടതാണ്. ഷോപ്സ് ആക്ട് പ്രകാരം അറ്റന്റൻസ് രജിസ്റ്റർ, അകിറ്റൻസ് രജിസ്റ്റർ എന്നിവ സൂക്ഷിക്കണം. എല്ലാവർക്കും ഒരേ രജിസ്റ്ററാണ് വേണ്ടത്. പക്ഷേ, പല ആശുപത്രികളിലും മൂന്നോ നാലോ രജിസ്റ്ററുകളാണുള്ളത്. ഇപ്രകാരമുള്ള ചൂഷണത്തിന് എതിരേ ശബ്ദമുയർത്താൻ ധൈര്യപ്പെടുന്ന ജീവനക്കാരെ പിരിച്ചുവിടുന്നു. ലേബർ വകുപ്പ് ഉദ്യോഗസ്ഥർ പലപ്പോഴും പരിശോധന നടത്താറില്ല. നടത്തിയാൽ തന്നെ തൊഴിലാളികൾ മാനേജ്മെന്റിന്റെ പ്രതികാര നടപടി ഭയന്ന് പരാതി നൽകാറില്ല. ആശുപത്രി ജീവനക്കാർക്ക് സംഘടനാ സ്വാതന്ത്ര്യം കിട്ടത്തക്കവിധം അവർക്ക് ജോലി സ്ഥിരത ഉറപ്പാക്കാനുള്ള നടപടികൾ വേണം. സ്വകാര്യ ആശുപത്രി ജീവനക്കാരുടെ പ്രശ്നങ്ങൾ പരിഹരിക്കത്തക്കവിധത്തിലുള്ള, സ്വകാര്യ ആശുപത്രികളിൽ സർക്കാരിന് നിയന്ത്രണം ഉണ്ടാകത്തക്കവിധത്തിലുള്ള നിയമനിർമ്മാണം നടത്താൻ സർക്കാർ തയ്യാറാകണമെന്ന് ഞാൻ തൊഴിൽ വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

[10 a.m.] ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണപിള്ള) : സർ, സ്വകാര്യ ആശുപത്രികളിൽ നേരത്തേ സ്വീകരിച്ചിട്ടുള്ള മിനിമം വേജസും മറ്റ് ആനുകൂല്യങ്ങളുമൊക്കെ നേടിയെടുക്കണമെങ്കിൽ അവരുടെ ബാർഗെയിനിംഗ് കപ്പാസിറ്റി നിലനിറുത്തക്കവിധത്തിലുള്ള സംഘടനാശേഷിയുണ്ടാകണം. കേരളത്തിലെ സ്വകാര്യ ആശുപത്രികളിൽ പല ആശുപത്രികളിലും ഈ ആനുകൂല്യങ്ങൾ നൽകി പ്രവർത്തിക്കുന്നവയുണ്ട്. അവിടെയൊക്കെ നല്ല നിലയിൽ പ്രവർത്തിക്കുന്ന സംഘടനകളുണ്ട്. കേരളത്തിലെ സ്വകാര്യ ആശുപത്രി ജീവനക്കാരുടെ മിനിമം വേതനം അവസാനമായി പുതുക്കി നിശ്ചയിച്ചത് 25.4.90-ലെ ഒരു ഉത്തരവ് പ്രകാരമായിരുന്നു. പ്രസ്തുത ഉത്തരവിനെ ചില തൊഴിലുടമകൾ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ചോദ്യം ചെയ്തു. സ്വകാര്യ ആശുപത്രി ജീവനക്കാരുടെ മിനിമം വേജസിന് കോടതി തീരുമാനത്തിന്റേയും കേസിന്റേയുമൊക്കെ അടിസ്ഥാനത്തിൽ ഒരു മിനിമം വേജസ് കമ്മിറ്റിയെ നിയമിച്ചു. ഹൈക്കോടതിയിൽ നിലവിലുണ്ടായിരുന്ന ഒ.പി.യുടെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട കോടതി ഇവരുടെ മിനിമം വേതന ഉത്തരവ് 18.6.96-ൽ റദ്ദ് ചെയ്യുകയുണ്ടായി. 22.10.91-ൽ രൂപീകരിച്ച കമ്മിറ്റി 31.12.95-ൽ അതിന്റെ റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചു. രണ്ടു വർഷമെന്ന് പറഞ്ഞാൽ, വലിയ കാലതാമസമില്ലാതെയാണ് ആ റിപ്പോർട്ട് ഗവണ്മെന്റിന് സമർപ്പിച്ചത്. കോടതി ഉത്തരവിന് മുമ്പ് തന്നെ മിനിമം വേതന കമ്മിറ്റി അതിന്റെ റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചതിനാൽ കോടതി ഉത്തരവ് പാലിക്കാൻ കഴിഞ്ഞിരുന്നില്ല. കോടതി ഉത്തരവിലെ നിർദ്ദേശങ്ങൾ പരിഗണിച്ച ശേഷം മിനിമം വേതന കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇവരുടെ മിനിമം വേതനം നോട്ടിഫിക്കേഷൻവഴി പുതുക്കാൻ തീരുമാനിച്ചു.

സർ, അതിനായി 10.5.99-ൽ പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിച്ചു. അതാണ് ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചത്. ആ നോട്ടിഫിക്കേഷനിൽ പുറപ്പെടുവിച്ചിട്ടുള്ള പ്രശ്നങ്ങളെ സംബന്ധിച്ച് ആർക്കെങ്കിലും തർക്കങ്ങളുണ്ടെ

LIBRARY ARCHIVES Kerala Legislative Assembly

ങ്കിൽ രണ്ടു മാസത്തിനകം പ്രശ്നങ്ങൾ ഉന്നയിച്ച് അതിനുശേഷം രണ്ടു മാസങ്ങൾക്കുള്ളിൽ അതിനെ സംബന്ധിച്ച അന്തിമതീരുമാനം പുറപ്പെടുവിക്കാൻ കഴിയുന്നതാണ്. സ്വകാര്യ ആശുപത്രി ജീവനക്കാർക്ക് 1960-ലെ ഷോപ്സ് ആന്റ് കമ്മേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട്, 1948-ലെ മിനിമം വേജസ് ആക്ട് എന്നിവ ബാധകമാണ്. ഇവരുടെ സേവന-വേതന വ്യവസ്ഥകളെ സംബന്ധിച്ച് പഠിക്കുന്നതിന് ഒരു കമ്മിറ്റി രൂപീകരിക്കാൻ ഇപ്പോൾ തൽക്കാലം ഉദ്ദേശമില്ല. ഈ പുതിയ നോട്ടിഫിക്കേഷൻ വന്നതിനുശേഷം ആ നോട്ടിഫിക്കേഷനിൽ മിനിമം വേജസ്സിനെ സംബന്ധിച്ച് പറഞ്ഞിരിക്കുന്ന നിർദ്ദേശങ്ങൾ നടപ്പാക്കുന്നതിന് അടിയന്തിരമായി ഗവണ്മെന്റ് ശക്തമായ നടപടികൾ സ്വീകരിക്കുന്നതാണ്.

പ്രൊഫ. മീനാക്ഷി തമ്പാൻ : നോട്ടിഫിക്കേഷൻ വേതനത്തെക്കുറിച്ചു മാത്രമുള്ളതാണ്. മിനിമം വേതനം പുതുക്കി നിർണ്ണയിക്കുന്നതിന് മാത്രമുള്ള നോട്ടിഫിക്കേഷനാണ്. ഞാൻ ഇവിടെ പറഞ്ഞതിൽ പലതും സേവനവുമായി ബന്ധപ്പെട്ട കാര്യങ്ങളാണ്. ജോലി സ്ഥിരത, സംഘടനാസ്വാതന്ത്ര്യം, ക്ളിപ്തമായ ജോലിസമയം, പ്രോവിഡന്റ് ഫണ്ട്, വീക്ക്ലി ഓഫ് എന്നിങ്ങനെ ഈ സേവനവുമായി ബന്ധപ്പെട്ട് സ്വകാര്യ ആശുപത്രിയിൽ ഇന്നുള്ള കാര്യങ്ങളെക്കുറിച്ച് പഠിക്കാനായി എന്തെങ്കിലും സംവിധാനമേർപ്പെടുത്തി റിപ്പോർട്ട് സ്വീകരിച്ച് നടപടി സ്വീകരിക്കുമോ?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണപിള്ള) : ഈ ആനുകൂല്യങ്ങളൊന്നും ഇപ്പോൾ പല ആശുപത്രികളിലും കിട്ടുന്നില്ലെന്നുള്ളത് സത്യമാണ്. അതിന് പ്രത്യേക പഠനം ആവശ്യമില്ല. പക്ഷെ, അത് നേടിയെടുക്കുന്നതിന് അവരവരുടെ സംഘടനാശേഷിയല്ലാതെ മറ്റൊരു മാർഗ്ഗവുമില്ല. നമ്മൾ ഒരു പഠനം നടത്തിയതുകൊണ്ടുമാത്രം കാര്യമില്ല. ബഹുമാനപ്പെട്ട മെമ്പർക്കും എല്ലാവർക്കുമറിയാം. പരിമിതമായ ആനുകൂല്യങ്ങളാണ് പല ആശുപത്രികളിലും കൊടുക്കുന്നത്. സർക്കാരിന് ഇതിൽ ഒരു നിയന്ത്രണവും ഏർപ്പെടുത്താൻ കഴിയുകയില്ല. ഈ പ്രശ്നങ്ങൾ യഥാർത്ഥത്തിൽ ഗവണ്മെന്റിന് അറിയാം. പല ആശുപത്രികളിലും ശക്തമായ സംഘടനകളുണ്ട്. അവരുടെ ആവശ്യങ്ങൾ നേടിയെടുത്ത് പ്രവർത്തിക്കുന്ന ആശുപത്രികൾ പല സ്ഥലത്തുമുണ്ട്. അത് അവിടത്തെ സംഘടനയുടെ ബാർഗെയിനിംഗ് കപ്പാസിറ്റി അനുസരിച്ചിരിക്കും. അതല്ലാതെ മറ്റൊരു മാർഗ്ഗം, ഒരു കുറുക്കുവഴിയുണ്ടെന്ന് എനിക്ക് തോന്നുന്നില്ല.

IV. സബ്മിഷൻ

(1) അങ്കമാലി ലിറ്റിൽഫ്ളവർ ആശുപത്രിയിലുണ്ടായ അനിഷ്ട സംഭവങ്ങളെത്തുടർന്ന് കേരളത്തിലെ സ്വകാര്യ ആശുപത്രികളിലെ പണിമുടക്ക്

ശ്രീ. കെ.എം. മാണി : സർ, വാസ്തവത്തിൽ ഈ വിഷയം ഒരു അടിയന്തിരപ്രമേയമായിട്ട് ഉന്നയിക്കാനാണ് ഞാൻ അങ്ങേയ്ക്ക് എഴുതിത്തന്നത്. അങ്ങ് നിർദ്ദേശിച്ചതനുസരിച്ച് സബ്മിഷനായിട്ട് അവതരിപ്പിക്കുകയാണ്. സ്വകാര്യ ആശുപത്രികളിൽ ഇന്ന് ഉച്ചയ്ക്കുശേഷം ഒ.പി. മുടങ്ങുകയാണ്. ഇന്ന് പത്രങ്ങൾ അത് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സംസ്ഥാനത്തെ സ്വകാര്യമേഖലയിലെ ആശുപത്രികളിൽ ഇന്ന് ഉച്ചകഴിഞ്ഞ് ഒ.പി. വിഭാഗം മുടങ്ങും. കാത്ത

LIBRARY ARCHIVES Kerala Legislative Assembly